(സി) ഉണ്ടെങ്കിൽ അത്തരം സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷം ലാഭകരമല്ലാത്തതിന്റെ പേരിൽ എത്ര സ്കൂളുകൾ പൂട്ടിയിട്ടുണ്ട്;

(ഇ) അടച്ചുപൂട്ടിയ സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് പുനർനിയമനം നൽകി; എത്രപേർക്ക് പുനർനിയമനം നൽകാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുതുതായി പ്ലസ് ടു കോഴ്സുകൾ

106 [658] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം സംസ്ഥാനത്ത് സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലയിൽ പുതുതായി എത്ര പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; ഓരോ മേഖലയിലും പുതുതായി ആരംഭിച്ചത് എത്ര എണ്ണമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലയിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുഴൽമന്ദം മണ്ഡലത്തിൽ പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയിഡഡ് മേഖലയിൽ 4 പ്ലസ് ടു സ്കൂളുകളും അൺ എയിഡഡ് മേഖലയിൽ 333 പ്ലസ് ടു സ്കൂളുകളും അനുവദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ നൂറോളം ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ് ടു ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായില്ല.

(സി) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് അനുകൂലമായി തീർപ്പാക്കുന്ന മുറയ്ക്ക് ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly